ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.07.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. റഷ്യ - ഓസ്ട്രിയ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി യാത്ര തിരിച്ചു. സന്ദർശനത്തോട് അനുബന്ധിച്ചുള്ള ഉഭയകക്ഷിചർച്ചകളെ ഏറെ പ്രതീക്ഷയോടെയാണ് കാണുന്നതെന്ന് പ്രധാനമന്ത്രി.

**Prime Minister Narendra Modi departed for two-nation visit to Russia and Austria. Prime Minister said, he is looking forward to review all aspects of bilateral cooperation.**

2. ജല ജീവൻ പദ്ധതി, ലക്ഷ്യം കൈവരിക്കാത്ത സാഹചര്യം ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൌട്ട്.

**Opposition walkout in Kerala Assembly over the denial of permission for the adjournment motion regarding the flaws in Jal Jeevan Mission implemtation.**

3. നീറ്റ്-യുജി പരീക്ഷയുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഹർജികൾ സുപ്രീംകോടതി ഇന്ന് പരിഗണിക്കും.

**The Supreme Court will hear a batch of pleas related to the NEET-UG today,**

4. ജാർഖണ്ഡ് നിയമസഭയിൽ ഹേമന്ദ് സോറൻ സർക്കാരിന്റെ വിശ്വാസ വോട്ടെടുപ്പ് പ്രക്രിയകൾ ആരംഭിച്ചു.

**The special session of Jharkhand Assembly, convened for floor test of the Hemant Soren government, began this morning**

5. കേരളത്തിലെ പക്ഷിപ്പനിയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ധ സംഘം സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു.

**Expert Committee to study the Bird flu situation in Kerala submitted report to State Government.**

6. കോപ്പ അമേരിക്ക ,യൂറോ കപ്പ് സെമി ഫൈനൽ മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കം.

**Copa America, Euro Cup Semi Finals will start on Wednesday.**

$$$$$$$$$$$$$$$$$$$$$$

**HEADLINE-1**

**PM-DEPARTURE STATEMENT - INTRO**

*പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്ന് ദിവസത്തെ റഷ്യ - ഓസ്ട്രിയ സന്ദർശനത്തിനായ് യാത്ര തിരിച്ചു. മോസ്കോയിൽ എത്തുന്ന അദ്ദേഹം 22-ാമത് ഇന്ത്യ- റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. ഊർജ്ജം, സുരക്ഷ, വ്യാപാരം, നിക്ഷേപം, വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖലകളിലെ ഇന്ത്യ- റഷ്യ തന്ത്ര പ്രധാന പങ്കാളിത്തം കഴിഞ്ഞ 10 വർഷത്തിനിടെ ഏറെ മുന്നേറിയെന്ന് സന്ദർശനത്തിന് മുന്നോടിയായി പ്രധാനമന്ത്രി പറഞ്ഞു. വിശദാംശങ്ങളിലേക്ക്....*

***(V0)***

*പ്രാദേശിക - ആഗോള വിഷയങ്ങളിൽ ഇന്ത്യയും, റഷ്യയും പങ്കു വെക്കുന്ന കാഴ്ചപ്പാടുകളെയും, ഉഭയകക്ഷി സഹകരണത്തിന്റെ പുരോഗതിയേയും*

*ഏറെ പ്രതീക്ഷയോടെയാണ് നോക്കി കാണുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. റഷ്യയിലെ ഊർജ്ജസ്വലരായ ഇന്ത്യൻ സമൂഹത്തെ നേരിൽ കാണാനുള്ള അവസരം കൂടിയാണ് സന്ദർശനമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. റഷ്യൻ പ്രസിഡൻറ് വ്ളാഡിമിർ പുടിനുമായി നടത്തുന്ന ഉഭയകക്ഷിചർച്ചകളെ പ്രതീക്ഷയോടെയാണ് കാണുന്നതെന്നും അദ്ദേഹം പറഞ്ഞു. ബഹുസ്വരത, ജനാധിപത്യം തുടങ്ങിയ ആശയങ്ങൾ പങ്കുവെക്കുന്ന ഓസ്ട്രിയ ഇന്ത്യയുടെ വിശ്വസ്ത പങ്കാളി കൂടിയാണെന്നും ശ്രീ മോദി വ്യക്തമാക്കി. 40 വർഷത്തെ ഇടവേളയ്ക്ക് ശേഷം ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഓസ്ട്രിയ സന്ദർശിക്കുന്നത്. ഓസ്ട്രിയൻ പ്രസിഡൻറ് അലക്സാണ്ടർ വാൻ ഡെർ ബെല്ലെനുമായും ഓസ്ട്രിയ ചാൻസലർ കാൾ നെഹെമെറുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തും. ഓസ്ട്രിയയിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും. ന്യൂസ് ഡെസ്ക്, ആകാശവാണി*

$$$$$$$$$$$$$$$$$$$$$$$

**HEADLINE-2**

**ASSEMBLY WALKOUT**

ജല ജീവൻ പദ്ധതി, ലക്ഷ്യം കൈവരിക്കാത്ത സാഹചര്യം സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൌട്ട്. പ്രതിപക്ഷത്ത് നിന്ന് അനൂപ് ജേക്കബ് ആണ് വിഷയം

സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് നോട്ടീസ് നൽകിയത്. ജല ജീവൻ മിഷൻ നിശ്ചലമാകുന്ന അവസ്ഥയാണ് സംസ്ഥാനത്ത് ഉള്ളതെന്ന് അനൂപ് ജേക്കബ് ആരോപിച്ചു. ശുദ്ധജലം ലഭിക്കാത്തതിനാൽ നിരവധി രോഗങ്ങൾ ഉണ്ടാകുന്നു. 6 ലക്ഷം പുതിയ കണക്ഷൻ ലഭിച്ചവർക്ക് വെള്ളം ലഭിക്കുന്നില്ല എന്നും പ്രതിപക്ഷം ചൂണ്ടിക്കാട്ടി. കൃത്യമായ സർവേ നടത്താതെയാണ് സംസ്ഥാന സർക്കാർ ജല ജീവൻ പദ്ധതി സമർപ്പിച്ചതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. പദ്ധതിക്ക് വേണ്ടി സർക്കാർ ഒരു മുന്നൊരുക്കവും നടത്തിയില്ല എന്നും അദ്ദേഹം പറഞ്ഞു. ജല ജീവൻ പദ്ധതിയിലൂടെ മൂന്നര വർഷത്തിനിടെ 19.5 ലക്ഷം കണക്ഷൻ നൽകിയതായി മന്ത്രി റോഷി അഗസ്റ്റിൻ മറുപടിയായി പറഞ്ഞു. 2019 മുതൽ 2024 വരെ 9,730 കോടി രൂപ പദ്ധതിക്കായി ചെലവഴിച്ചു. കേന്ദ്ര വിഹിതം കൃത്യമായി വിനിയോഗിച്ചതായും അദ്ദേഹം പറഞ്ഞു. എല്ലാ കുടുംബങ്ങളിലും വെള്ളം

എത്തിക്കുന്നതിനുള്ള സർക്കാരിന്റെ ശ്രമം ഒരിക്കലും പാഴാകില്ല എന്നും മന്ത്രി പറഞ്ഞു. മന്ത്രിയുടെ മറുപടിയെ തുടർന്ന് ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോകുകയായിരുന്നു.

$$$$$$$$$$$$$$$$$$$$$$

**ASSEMBLY CM**

ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികളും നിയമ നടപടികളും സ്വീകരിച്ചു വരുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭയിൽ ചോദ്യോത്തര വേളയിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. 2016 മുതൽ 2024 മെയ് 31 വരെ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടതിന്റെ പേരിൽ 108 പോലീസ് ഉദ്യോഗസ്ഥരെ പിരിച്ചു വിട്ടു. മാഫിയാ ബന്ധം, അഴിമതി, നിയമവിരുദ്ധ പ്രവർത്തനങ്ങൾ എന്നിങ്ങനെ ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നുണ്ട്. ഏറ്റവും നല്ല ക്രമസമാധാന നിലയുള്ള, അന്വേഷണ മികവുള്ള സംസ്ഥാനമായി കേരളത്തെ വിലയിരുത്തപ്പെട്ടിട്ടുണ്ട്. സൈബർ പോലീസ് വിഭാഗം ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ആണ് നടത്തി വരുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

$$$$$$$$$$$$$$$$$$$$$$

**HEADLINE-4**

**JHARKHAND – TRUST VOTE**

ജാർഖണ്ഡ് നിയമസഭയിൽ ഹേമന്ദ് സോറൻ സർക്കാരിന്റെ വിശ്വാസ വോട്ടെടുപ്പ് പ്രക്രിയകൾ ആരംഭിച്ചു. ഇത് സംബന്ധിച്ച പ്രമേയം മുഖ്യമന്ത്രി ഹേമന്ദ് സോറൻ സഭയിൽ അവതരിപ്പിച്ചു. പ്രമേയത്തിന്മേലുള്ള ചർച്ചയ്ക്കായി ഒരു മണിക്കൂർ സമയമാണ് സ്പീക്കർ അനുവദിച്ചിരിക്കുന്നത്. തുടർന്ന് വോട്ടെടുപ്പ് ആരംഭിക്കും. 81 അംഗ നിയമസഭയിൽ 39 പേരുടെ പിന്തുണയാണ് ഭൂരിപക്ഷം തെളിയിക്കാൻ ഹേമന്ദ് സോറന് വേണ്ടത്. 46 അംഗങ്ങളുടെ പിന്തുണയാണ് അദ്ദേഹം അവകാശപ്പെടുന്നത്. ഭൂമി കുംഭകോണവുമായി ബന്ധപ്പെട്ട ഇ.ഡി കേസിൽ ജാമ്യം ലഭിച്ചതിനെ തുടർന്ന് ഈ മാസം 4 നാണ് ഹേമന്ദ് സോറൻ ത്ധാർഖണ്ഡ്

മുഖ്യമന്ത്രിയായി വീണ്ടും സത്യപ്രതിജ്ഞ ചെയ്യുത്. വിശ്വാസ വോട്ടെടുപ്പിന് ശേഷമായിരിക്കും മറ്റ് മന്ത്രിമാരുടെ സത്യപ്രതിജ്ഞ.

$$$$$$$$$$$$$$$$$$$$$$$

**HEADLINE-3**

**SC–NEET**

നീറ്റ്-യുജി പരീക്ഷയുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഹർജികൾ സുപ്രീംകോടതി ഇന്ന് പരിഗണിക്കും. പരീക്ഷ വീണ്ടും നടത്തണമെന്ന് ആവശ്യപ്പെട്ട് വിദ്യാർഥികൾ നൽകിയ ഹർജികൾ ഉൾപ്പെടെയാണ് പരിഗണിക്കുന്നത്. ചീഫ്ജസ്റ്റിസ്ഡി വൈ ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ ബി പർദിവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ച് 26 ഹർജികളിൽ വാദം കേൾക്കും. ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പ്രത്യേകവും സ്വതന്ത്രവുമായ അന്വേഷണം വേണമെന്നാണ് വിദ്യാർഥികളുടെ ആവശ്യം. വിഷയത്തിൽ കേന്ദ്രം സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചു. നീറ്റ്-യുജി പരീക്ഷ വീണ്ടും നടത്തേണ്ട ആവശ്യമില്ലെന്നും, പുതിയ പരീക്ഷ ലക്ഷക്കണക്കിന് മത്സരാർത്ഥികളെ പ്രതികൂലമായി ബാധിക്കുമെന്നുമാണ് കേന്ദ്രത്തിന്റെ വാദം.

$$$$$$$$$$$$$$$$$$$$$$$

**HEADLINE-5**

**BIRD FLU REPORT**

പക്ഷിപ്പനിയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ധ സംഘം സംസ്ഥാന സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ദേശാടന പക്ഷികളിൽ നിന്നും വൈറസ് പടർന്നിരിക്കാമെന്നാണ് സംഘത്തിന്റെ കണ്ടെത്തൽ. അസുഖം ബാധിച്ച പക്ഷികളുടെ വിൽപ്പനയിലൂടെയും, രോഗബാധയുള്ള പക്ഷികളെ മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റിയത് മൂലവും വൈറസ് പടർന്നിരിക്കാമെന്നും റിപ്പോർട്ടിൽ പറയുന്നു. വനങ്ങളിൽ പാർക്കുന്ന വൈറസ് സാന്നിധ്യമുള്ള പക്ഷികളിൽ നിന്നും നാട്ടിലെ താറാവുകളിലേക്കും മറ്റു കോഴി വളർത്തൽ കേന്ദ്രങ്ങളിലേക്കും വൈറസ് പടർന്നിരിക്കാൻ സാധ്യതയുണ്ട്. പക്ഷിപ്പനി പ്രതിരോധത്തിനും നിയന്ത്രണത്തിനും 2021 ലെ ദേശീയ കർമ്മ പദ്ധതി കർശനമായി പാലിക്കണമെന്ന് വിദഗ്ധ സമിതി നിർദ്ദേശിച്ചു. മൃഗസംരക്ഷണ വകുപ്പിലെ വിദഗ്ധരെയും വെറ്ററിനറി

സർവകലാശാലയിലെ ശാസ്ത്രജ്ഞരെയും ഉൾപ്പെടുത്തിയാണ് സംസ്ഥാന സർക്കാർ വിദഗ്ധ സംഘത്തെ നിയോഗിച്ചത്.

$$$$$$$$$$$$$$$$$$$$$$

## PRESIDENT ODISHA

ഒഡീഷ സന്ദർശനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഭുവനേശ്വറിലെ ഉദയഗിരി ഗുഹകൾ സന്ദർശിക്കും. ബ്രഹ്മി ലിപിയിൽ എഴുതിയ ശിലാലിഖിതങ്ങളാൽ പ്രശസ്തമാണ് ഉദയഗിരി ഗുഹകൾ. ഉത്കൽ സർവകലാശാലയിലെയും, ബിഭുതി കനുംഗോ കോളേജിലെയും വിദ്യാർത്ഥികളുമായും രാഷ്ട്രപതി സംവദിക്കും. ഭുവനേശ്വറിലെ ഹരിദമാത ഗ്രാമത്തിലെ ബ്രഹ്മകുമാരി ഡിവൈൻ റിട്രീറ്റ് കേന്ദ്രത്തിന്റെ ഉദ്ഘാടനവും ശ്രീമതി മുർമു നിർവഹിക്കും. പുരി ജഗന്നാഥ ക്ഷേത്രത്തിലെ രഥയാത്ര വീക്ഷിക്കാൻ രാഷ്ട്രപതി ഇന്നലെയെത്തിയിരുന്നു.

$$$$$$$$$$$$$$$$$$$$$$

## ODISHA-RATH YATRA

ഒഡീഷയിൽ പുരി ജഗന്നാഥ ക്ഷേത്രത്തിലെ പ്രശസ്തമായ രഥയാത്ര ഇന്നും തുടരും. ആചാരപ്രകാരം ഇന്നലെ അസ്തമയത്തോടെ രഥയാത്ര നിർത്തിവച്ചിരുന്നു. ദശലക്ഷക്കണക്കിന് ഭക്തരാണ് ചടങ്ങിന് സാക്ഷ്യം വഹിക്കാനായി പുരിയിൽ എത്തിച്ചേർന്നിരിക്കുന്നത്. 1971 ന് ശേഷം ഇതാദ്യമായാണ് രഥയാത്ര രണ്ട് ദിവസമായി നടക്കുന്നത്.

$$$$$$$$$$$$$$$$$$$$$$

## KANWAR YATRA

കൻവർ തീർത്ഥാടന യാത്രയിൽ ആയുധങ്ങൾ പ്രദർശിപ്പിക്കുന്നത് തടഞ്ഞ് ഉത്തർപ്രദേശ് സർക്കാർ ഉത്തരവിട്ടു. ശൂലം, കുന്തം തുടങ്ങിയ ആയുധങ്ങൾ പ്രദർശിപ്പിക്കുന്നതിനാണ് നിരോധനം. ഈമാസം 22 മുതൽ ഓഗസ്റ്റ് 19 വരെ നീളുന്ന യാത്ര കടന്നു പോകുന്ന റോഡുകളിൽ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$

## MUMBAI RAIN

കനത്തമഴയിൽ മുംബൈ നഗരത്തിന്റെ വിവിധഭാഗങ്ങളിൽ കനത്ത വെള്ളക്കെട്ട് രൂപപ്പെട്ടു. ട്രെയിൻ ഗതാഗതത്തെയടക്കം വെള്ളക്കെട്ട് തടസ്സപ്പെടുത്തി. ഇന്നലെ രാത്രി ഒരു മണിക്കും രാവിലെ ഏഴ് മണിക്കുമിടയിൽ 300 മില്ലിമീറ്റർ വരെ മഴയാണ് ഇവിടെ അനുഭവപ്പെട്ടത്. രണ്ട് ദിവസം കൂടി കനത്ത മഴ തുടരുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്. അന്ധേരി, സാന്താക്രൂസ്, കുർള, മലഡ് തുടങ്ങിയ മേഖലകളിൽ വീടുകളിൽ വെള്ളം കയറിയിട്ടുണ്ട്

$$$$$$$$$$$$$$$$$$$$$$$

## PERUMAN TRAIN TRAGEDY

പെരുമൺ തീവണ്ടി ദുരന്തത്തിന് 36 വയസ്സ്. 1988 ജൂലൈ എട്ടിനായിരുന്നു രാജ്യത്തെ നടുക്കിയ ദുരന്തം. ഐലൻഡ് എക്സ്പ്രസ് ബോഗികൾ അഷ്ടമുടിക്കായലിലേക്ക് പതിച്ചുണ്ടായ അപകടത്തിൽ 105 പേർ മരിക്കുകയും ഇരുന്നൂറോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പെരുമൺ ദുരന്തസ്മാരകത്തിൽ രാവിലെ നടന്ന അനുസ്മരണ പരിപാടിയിൽ മരിച്ചവരുടെ ബന്ധുക്കളും ജനപ്രതിനിധികളും പങ്കെടുത്തു.

$$$$$$$$$$$$$$$$$$$$$$$

## HEADLINE-6

## COPPA AMERICA

കോപ്പ അമേരിക്ക ,യൂറോ കപ്പ് സെമി മത്സരങ്ങൾക്ക് മറ്റന്നാൾ തുടക്കം . ബുധനാഴ്ച നടക്കുന്ന യൂറോ കപ്പിന്റെ ആദ്യ സെമിയിൽ സ്പെയിൻ ഫ്രാൻസിനെ നേരിടും. ക്വാർട്ടറിൽ ജർമനിയെ കീഴടക്കിയാണ് സ്പെയിൻ സെമിയിലേക്ക് മുന്നേറിയത്. പോർച്ചുഗലിനെ തോൽപിച്ചാണ് ഫ്രാൻസിന്റെ സെമി പ്രവേശനം. രണ്ടാം സെമിയിൽ ഇംഗ്ലണ്ടും ഹോളണ്ടും തമ്മിൽ ഏറ്റുമുട്ടും. കോപ്പ അമേരിക്കയിൽ ബുധനാഴ്ച നടക്കുന്ന ആദ്യ സെമിയിൽ അർജന്റീന ക്യാനഡയെ നേരിടും. കൊളംബിയ - ഉറുഗ്വയ് തമ്മിലാണ് രണ്ടാം സെമി മത്സരം.

$$$$$$$$$$$$$$$$$$$$$$$

## WIMBLEDON TENNIS

വിംബിൾഡൺ ടെന്നീസിൽ നിലവിലെ ചാമ്പ്യൻ കാർലോസ് അൽകാരസും, ലോക ഒന്നാം നമ്പർ താരം ജാനിക് സിന്നറും ക്വാർട്ടർ ഫൈനലിൽ കടന്നു. ഫ്രഞ്ച് താരം ഉഗോ ഹുംമ്പർട്ടിനെ 6-3, 6-4, 1-6, 7-5 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് അൽകാരസ് ക്വാർട്ടറിൽ കടന്നത്. അമേരിക്കൻ താരം ബെൻ ഷെൽട്ടനെയാണ് സിന്നർ പരാജയപ്പെടുത്തിയത്. പുരുഷ സിംഗിൾസിൽ 7 തവണ കിരീടം നേടിയ നൊവാക് ജോക്കോവിച്ച് ഡാനിഷ് താരം ഹോൾഗർ റൂണെയെ നേരിടും. വനിതാ സിംഗിൾസിൽ മുൻ ചാമ്പന്യൻ എലേന റിബാക്കിന, അന്ന കലിൻസ്കയുമായി ഏറ്റുമുട്ടും.

$$$$$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$$$$$